Prot No: 2462/2018/S/ABP
Order No:1694/2018 C-8

Date: 25/Aug/2018

**സർക്കുലർ**

# കേരളത്തിലെ മഹാപ്രളയത്തിൽ ദുരിതബാധിതർക്ക് നല്ല അയൽക്കാരാകുക

മിശിഹായിൽ പ്രിയ സഹോദരീ സഹോദരന്മാരേ, വത്സലമക്കളേ,

കഴിഞ്ഞ ദിവസങ്ങളിൽ കേരളത്തിലുണ്ടായ മഹാപ്രളയത്തിൽ നാം എല്ലാവരും ദുരിതബാധിതരായിരിക്കുകയാണ്. വേദനയുടെ നടുവിലും കേരളീയരായ നാം ഒറ്റക്കെട്ടായി നിന്ന് പ്രതിസന്ധികൾ പരിഹരിക്കാൻ പരിശ്രമിക്കുന്നു എന്നുള്ളത് ശ്ലാഘനീയമാണ്. നിങ്ങളോട് ഞാൻ ആഹ്വാനം ചെയ്തതുപോലെ സർക്കാരിന്റെയും തദ്ദേശസ്ഥാപനങ്ങളുടെയും ദുരതാശ്വാസപ്രവർത്തനങ്ങളോട് നമ്മുടെ പള്ളികളും സ്ഥാപനങ്ങളും സംഘടനകളും സന്യാസസമൂഹങ്ങളും വളരെയേറെ സഹകരിച്ച് പ്രവർത്തിച്ചു എന്നുള്ളത് നമുക്ക് അഭിമാനകരമായ വസ്തുതയാണ്. അതിരൂപതയുടെ സാമൂഹ്യപ്രേഷിത കേന്ദ്രമായ സാന്ത്വനം വഴിയാണ് ദുരിതാശ്വാസ പ്രവർത്തനങ്ങൾ ഏകോപിപ്പിച്ചിരിക്കുന്നത്. അതിരൂപതയിലെ ഭൂരിപക്ഷം പള്ളി-സ്ഥാപന ഹാളുകളും, സ്ക്കൂളുകളും ദുരതാശ്വാസക്യാമ്പുകളായിരുന്നു. അവയിൽ ചിലത് ഇപ്പോഴും ക്യാമ്പുകളായിതന്നെ തുടരുന്നു. നിങ്ങളുടെ ത്യാഗപൂർണമായ പ്രവർത്തനങ്ങൾക്ക് ദൈവം സമൃദ്ധമായി പ്രതിഫലം നൽകട്ടെ എന്ന് പ്രാർത്ഥിക്കുന്നു.

കെ. സി. ബി. സി പ്രസിഡന്റ് ആർച്ച്ബിഷപ്പ് സൂസപാക്യം, മേജർ ആർച്ച്ബിഷപ്പ് മാർ ജോർജ്ജ് ആലഞ്ചേരി, സി.ബി.സി.ഐ.യുടെ സാമൂഹ്യ പ്രവർത്തന വിഭാഗമായ കാരിത്താസ് തുടങ്ങിയവർ അയച്ച സർക്കുലറുകളുടെ വിവരം നിങ്ങൾ അറിഞ്ഞിരിക്കുമല്ലോ (http://www.trichurarchdiocese.org/downloads). മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിലേക്കും സഭയുടെ ദുരതാശ്വാപ്രവർത്തനങ്ങൾക്കും നിങ്ങൾ അകമഴിഞ്ഞ് സംഭാവനകൾ നൽകണമെന്ന് അഭ്യർത്ഥിക്കുന്നു.

അതിരൂപതയിലെ പള്ളികളും, സ്ഥാപനങ്ങളും, സന്യാസസമൂഹങ്ങളും ദുരതാശ്വാസക്യാമ്പുകൾക്ക് നല്കിയ വലിയ സേവനങ്ങൾക്ക് പുറമെ, വിഷമിക്കുന്നവർക്ക് അത്യാവശ്യമായ സാധനങ്ങളും ഭക്ഷണങ്ങളും അടങ്ങിയ ദുരിതാശ്വാസകിറ്റുകൾ അതിരൂപത നിർദ്ദേശംപോലെ വീടുകളിൽ എത്തിച്ചുകൊണ്ടിരിക്കുയാണ്. അതിരൂപതാകേന്ദ്രത്തിൽ നിന്നും സാന്ത്വനത്തിന്റെ ആഭിമുഖ്യത്തിൽ മേൽ പറഞ്ഞ തരത്തിലുള്ള ദുരിതാശ്വാസകിറ്റുകൾ (അയ്യായിരത്തിനു മുകളിൽ) നൽകുകയുണ്ടായി. അതിരൂപത നേരിട്ടും പള്ളികൾ, സ്ഥാപനങ്ങൾ, സന്യാസസമൂഹങ്ങൾ തുടങ്ങിയവയും തലശ്ശേരി, രാമനാഥപുരം, പാലക്കാട് തുടങ്ങിയ രൂപതകളും, അമ്മായരും ഔദാര്യപൂർവ്വം ദുരിതാശ്വാസത്തിനു അവശ്യസാധനങ്ങൾ നല്കുകയുണ്ടായി. വളരെ പെട്ടെന്നാണ് അതിരൂപതാകേന്ദ്രകാര്യാലയം ദുരിതാശ്വാസ പത്തായപുരയായി മാറിയത്. വളരെയേറെ വൈദികരും, സന്യസ്തരും, അമ്മായരും, പ്രത്യേകിച്ച് യുവജനങ്ങളും പ്രകടമാക്കിയ

കഠിനപ്രയത്നത്തെ നന്ദിയോടെ സ്മരിക്കുന്നു. ഇപ്പോൾ നാം ശ്രദ്ധ കേന്ദ്രീകരിക്കുന്നത് പ്രളയത്തിൽ കേടുപാടായ വീടുകളുടെ ശുചീകരണമാണ്. ഇടവക അടിസ്ഥാനത്തിൽ വളണ്ടിയർസേന രൂപീകരിച്ച് ഇക്കാര്യത്തിൽ നേതൃത്വം വഹിക്കണമെന്ന് ബന്ധപ്പെട്ട ഏവരോടും ഞാൻ ആഹ്വാനം ചെയ്യുന്നു.

മഹാപ്രളയത്തിന ശേഷം കേരളം അതിജീവനത്തിന്റെ പാതയിലാണ്; പുതിയ തുടക്കം ആവശ്യമായിരിക്കുന്നു. കൃഷി, തൊഴിൽ, വ്യാപാരം തുടങ്ങിയവ നഷ്ടപ്പെട്ടവർ വളരെയാണ്. വീടുകൾ ഇടിഞ്ഞ് വീണവയുടെയും കേടുപാടായതിന്റെയും എണ്ണം ഏറെയാണ്. പുനരിധിവാസപ്രവർത്തനങ്ങൾക്ക് സമഗ്രമായ പദ്ധതി തയ്യാറാക്കേണ്ടിരിക്കുന്നു. അത് ഇടവകതലത്തിലും അതിരൂപതതലത്തിലും ഏകോപിപ്പിക്കുവാൻ നിങ്ങളുടെ നേതൃത്വവും സഹകരണവും, സാമ്പത്തിക സഹായവും അഭ്യർത്ഥിക്കുന്നു. ഗവർമെന്റ് തലത്തിലും, ത്രിതല പഞ്ചായത്തുകൾ വഴിയും നടപ്പിലാക്കുന്ന പുനരധിവാസപദ്ധതികളിൽ ഇടവക അതിർത്തിക്കുള്ളിൽപ്പെടുന്ന, വീടും സമ്പാദ്യങ്ങളും നഷ്ടപ്പെട്ടവരെ ഉൾപ്പെടുത്തുവാൻ ഏവരും (പ്രത്യേകിച്ച് കത്തോലിക്കാ കോൺഗ്രസും) ശ്രദ്ധിക്കേണ്ടതാണ്.

പ്രളയകെടുതിയുടെ പശ്ചാത്തലത്തിൽ നാം ചെയ്യുന്ന പ്രവർത്തനങ്ങൾ, (ചിലവാക്കിയ സംഖ്യയുടെ വിവരമടക്കം) കൃത്യമായി രേഖപ്പെടുത്തണമെന്ന് അഭ്യർത്ഥിക്കുന്നു. അതിരൂപതയിൽനിന്ന് നൽകുന്ന ഫോറം അതിനായി ഉപയോഗിക്കേണ്ടതാണ്.

ദൈവത്തിൽ വിശ്വാസിക്കുന്നവർക്ക് ഏത് പ്രതിസന്ധിയേയും നന്മക്കായി പരിണമിപ്പിക്കാൻ സാധിക്കും (റോമ. 8:28). പഴയനിയമത്തിൽ കാണുന്ന യഹുദജനതയുടെ പ്രതിസന്ധികൾ അവരെ ദൈവത്തിലേക്ക് അടുപ്പിക്കാൻ കാരണമായി. ഒരുവൻ ജന്മനാ അന്ധനായതിന്റെ കാരണവും (യോഹ. 9: 1-3), ശീലോഹായിലെ ഗോപുരം ഇടിഞ്ഞ് ഏതാനും പേർ മരിച്ചതിന്റെ കാരണവും (ലൂക്ക 13:1-5) അന്വേഷിച്ചവരോട് യേശു പറഞ്ഞത് ദൈവീകപദ്ധതിയിൽ വിശ്വസിച്ച് അവിടുന്നിൽ ആശ്രയിക്കാനാണ്. നമുക്കും ദൈവഹിതം നിറവേറ്റി കേരളത്തെ ആത്മീയമായും ഭൗതികമായും കെട്ടിപടുക്കുന്നതിൽ ഒറ്റക്കെട്ടായി പ്രവർത്തിക്കാം. കേരളത്തിന്റെ ദേശീയോത്സവമായ ഓണത്തിന്റെ പശ്ചാത്തലത്തിൽ നാടിന്റെ ഐക്യത്തിനും വളരെ പ്രതിസന്ധികൾ നേരിട്ടുകൊണ്ടിരിക്കുന്ന സഭയുടെ ഉന്നമനത്തിനും വേണ്ടി ഒരുമയോടെ വർത്തിക്കാം. ദൈവം നിങ്ങളെ അനുഗ്രഹിക്കട്ടെ.

മാർ ആൻഡ്രൂസ് താഴത്ത്
തൃശ്ശൂർ അതിരൂപതാ മെത്രാപ്പോലീത്ത

NB. 1. ഈ സർക്കുലറിലെയും കെ. സി. ബി. സി പ്രസിഡന്റ്, മേജർ ആർച്ച്ബിഷപ്പ് എന്നിവർ നൽകിയ സർക്കുലറുകളുലെയും ആശയങ്ങൾ 2018 ഓഗസ്റ്റ് 26 നോ അതിന സാധിച്ചില്ലെങ്കിൽ സെപ്തംബർ 2 ഞായറാഴ്ച്ചയോ കുർബാന മദ്ധ്യ ജനങ്ങളെ അറിയിക്കേണ്ടതാണ്.

2. ദുരിതാശ്വാസത്തിന്റെ വിവരശേഖര സർവ്വേ ഫോമുകൾ അതിരൂപത വെബ് സൈറ്റിൽ നിന്നും ഡൺലോഡ് ചെയ്ത് പൂരിപ്പിച്ച് സെപ്തംബർ 10നു മുമ്പ് അതിരൂപത സാമ്പത്തിക കാര്യലയത്തിൽ ഏല്പ്പിക്കേണ്ടതാണ്